بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**29-05-2026**

# നബിതിരുമേനി(സ)യുടെ ഉദാത്ത ഗുണങ്ങൾ:വിനയം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

“തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) അരുളി:

നബിതിരുമേനി(സ)ക്ക് പൂർണമായി കീഴ്പെട്ടു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പുലർത്തിയ വിനയത്തെയും എളിമയെയും കുറിച്ചും, തന്റെ ജമാഅത്തിനോട് വിനയം കൈക്കൊള്ളാൻ അവിടുന്ന് നൽകിയ ഉപദേശങ്ങളെക്കുറിച്ചും ഇന്ന് ചില കാര്യങ്ങൾ ഞാൻ വിവരിക്കാം. അവിടുത്തെ നമ്രഭാവം കണ്ട് അല്ലാഹു തന്നെ അതിന് സാക്ഷ്യപത്രം നൽകുകയുണ്ടായി. 1907 മാർച്ച് 18-ന് വാഗ്ദത്ത മസീഹിന്(അ) ഇപ്രകാരം ഇൽഹാം ലഭിച്ചു: *നിന്റെ വിനയാന്വിതമായ രീതികൾ അവന് (ദൈവത്തിന്) ഇഷ്ടമായിരിക്കുന്നു.*

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: *എന്റെ ലളിത ജീവിതം, വിനയം, തവക്കുൽ, പരോപകാരം, അടയാളങ്ങൾ, പ്രകാശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈസാ നബിയുടെ ആദ്യകാല ജീവിതത്തിന്റെ ഒരു മാതൃകയാണ് ഈ വിനീതനെന്ന് എനിക്ക് വെളിപ്പെടുത്തിയിരിക്കുന്നു. എന്റെയും മസീഹിന്റെയും പ്രകൃതം പരസ്പരം വളരെയധികം സാദൃശ്യമുള്ളതാണ്. ഒരേ സത്തയുടെ രണ്ട് കഷ്ണങ്ങൾ അല്ലെങ്കിൽ ഒരേ വൃക്ഷത്തിലെ രണ്ട് ഫലങ്ങൾപോലെയാണത്. അവ തമ്മിലുള്ള ഐക്യം അത്രമേൽ ദൃഢമാണ്; അതായത് ജാഗ്രദർശനങ്ങളിൽ അവ തമ്മിലുള്ള വ്യത്യാസം അതീവ സൂക്ഷ്മമാണ്. കൂടാതെ ബാഹ്യമായ നിലയിലും ഒരു സാമ്യമുണ്ട്; അതായത് മഹാപ്രവാചകനായ മൂസാനബിയുടെ അനുയായിയും ദീനിന്റെ സേവകനുമായിരുന്നു, ഈസാ മസീഹ്(അ). അദ്ദേഹത്തിന്റെ ഇഞ്ചീൽ തൗറാത്തിന്റെ ഒരു ശാഖയായിരുന്നു. അതുപോലെ ഈ വിനീതനും സർവ്വ പ്രവാചകരുടെയും നേതാവായ സയ്യിദുൽ മുർസലീന്റെ(സ) വിനീത ദാസന്മാരിൽ ഒരാളാണ്.*

ഒരിക്കൽ ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് ചോദിച്ചു: ഹുസൂർ, ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥം എഴുതുന്നതിലും അതിന്റെ പ്രൂഫ് തിരുത്തി വായിക്കുന്നതിലും അങ്ങ് ഒരുപാട് കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ട്. അത് അങ്ങയുടെ ആരോഗ്യത്തെപ്പോലും ബാധിച്ചിരിക്കുന്നു. അതിനാൽ കുറച്ചുദിവസം അങ്ങ് പൂർണ്ണമായും വിശ്രമിച്ചാലും.

അവിടുന്ന് മറുപടി നൽകി: *നമ്മുടെ അധ്വാനമൊക്കെ എന്തിരിക്കുന്നു? സ്വഹാബികളുടെ (റ) അധ്വാനങ്ങളിലേക്ക് നോക്കുമ്പോൾ എനിക്ക് ലജ്ജ തോന്നുന്നു; ദൈവമാർഗത്തിൽ എത്ര സന്തോഷത്തോടെയാണ് അവർ തങ്ങളുടെ ശിരസ്സുകൾ പോലും ബലിയർപ്പിച്ചത്!*

മറ്റൊരിടത്ത് അവിടുന്ന് അരുളുന്നു: *ഞാൻ എന്റെ പദവികളെ പെരുപ്പിച്ചു കാണിക്കുന്നു എന്ന് അല്പബുദ്ധികളായ ആളുകൾ ആക്ഷേപിക്കാറുണ്ട്. എന്നാൽ അല്ലാഹുവിൽ ഞാൻ സത്യം ചെയ്തു പറയുന്നു, ഏതെങ്കിലും പ്രശംസ ആഗ്രഹിക്കുന്നതോ സ്വമഹത്വം പ്രകടിപ്പിക്കുന്നതിൽ സന്തോഷിക്കുന്നതോ ആയ പ്രകൃതവും സ്വഭാവവുമല്ല എന്റേത്. ആരാലും അറിയപ്പെ*

*ടാതെ വിനയാന്വിതനായി കഴിഞ്ഞു കൂടാനാണ് ഞാൻ എപ്പോഴും ഇഷ്ടപ്പെട്ടിരുന്നത്. എന്നാൽ അല്ലാഹു തന്നെ എന്നെ പുറത്തുകൊണ്ടുവരികയും, എനിക്ക് അവതരിക്കപ്പെട്ട തന്റെ വചനങ്ങളിലൂടെ അവൻ എന്നെ പ്രകീർത്തിക്കുകയും എനിക്ക് മഹത്വം നൽകുകയും ചെയ്തതിൽ എനിക്കൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. ഈ പ്രശംസാവാചകങ്ങളത്രയും യഥാർത്ഥത്തിൽ നബി കരീ(സ)യുടേത് തന്നെയാണ്.*

ഓസ്ട്രേലിയക്കാരനായ നവമുസ്‌ലിം മുഹമ്മദ് അബ്ദുൽ ഹഖ് സാഹിബിനോട് അവിടുന്ന് അരുളി: *ലളിതമായ ജീവിതം നയിക്കുക എന്നത് ഞങ്ങളുടെ തത്വങ്ങളിൽ പെട്ട ഒന്നാണ്. പാശ്ചാത്യർ ഇന്ന് ജീവിതത്തിന്റെ അനിവാര്യതകളായി കണക്കാക്കുന്ന ആർഭാടങ്ങളിൽ നിന്നും ഞങ്ങളുടെ സദസ്സുകൾ മുക്തമാണ്. ദുരാചാരങ്ങൾ അനുവർത്തിക്കുന്നവരല്ല ഞങ്ങൾ.. ഭക്ഷണപാനീയങ്ങളിലും സദസ്സുകളിലും ലാളിത്യമാണ് ഞങ്ങൾ ഇഷ്ടപ്പെടുന്നത്.*

ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: *വിനയം കൈക്കൊള്ളുക; വിനയം ശീലിക്കുക എന്നത് പ്രയാസരമായ കാര്യമല്ല, അതിൽ പഠിക്കാൻ എന്തിരിക്കുന്നു? മനുഷ്യൻ സ്വയം തന്നെ വിനീതനാണ്,വിയത്തിനായിട്ടാണ് അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.*

അവിടുന്ന് അരുളി: *സ്വയം നിസ്സാരരായും ചെറിയവരായും കണക്കാക്കുന്നവർക്കും ലജ്ജയോടുകൂടി സംസാരിക്കുന്നവർക്കും ഭൂമിയിൽ എളിമയോടു കൂടി നടക്കുന്നവർക്കും അഭിനന്ദനം. അത്തരക്കാർക്കായിട്ടാണ് മോക്ഷം ഒരുക്കപ്പെട്ടിരിക്കുന്നത് എന്ന് ഞാൻ ആവർത്തിച്ചു പറയുന്നു.*

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി: ജൽസ ദിനങ്ങളിൽ ചിലർക്ക് മുൻനിരയിലെ കസേരകളിലോ ഗ്രീൻ ഏരിയ പോലുള്ള സ്ഥലങ്ങളിലോ ഇരിക്കാൻ ആഗ്രഹമുണ്ടാകാറുണ്ട്. ഖലീഫയുടെ വാക്കുകൾ അടുത്തിരുന്ന് കേൾക്കുക എന്ന ഉദ്ദേശ്യത്തോടെയാണെങ്കിൽ പ്രസ്തുത ആഗ്രഹം ആശാസ്യകരമാണ്, എന്നാൽ ചിലപ്പോൾ അതിൽ അഹംഭാവവും കടന്നുകൂടാറുണ്ട്. അത് ഉണ്ടാകാൻ പാടില്ല. കാരണം, അത് സംഘാടകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: *ഒരാൾ ഏതെങ്കിലും സദസ്സിൽ പോയാൽ ഏറ്റവും താഴ്ന്ന സ്ഥലം തനിക്കായി തിരഞ്ഞെടുക്കുകയാണ് വേണ്ടത്. അവൻ മറ്റേതെങ്കിലും സ്ഥാനത്തിന് അർഹനാണെങ്കിൽ ആതിഥേയൻ തന്നെ അവനെ വിളിച്ച് ആ സ്ഥാനം നൽകിക്കൊള്ളും.*

അവിടുന്ന് അരുളി: *രണ്ട് ഗുണങ്ങൾ ഒരാളിൽ ഉണ്ടാകുന്നത് വരെ അയാൾക്ക് ദൈവസ്നേഹമോ ദൈവപ്രീതിയോ കരഗതമാവുകയില്ല. ഒന്ന്: അഹങ്കാരത്തെ ഇല്ലാതാക്കുക. രണ്ട്: ദൈവത്തിന് ഇഷ്ടമല്ലാത്തതും അശുദ്ധിക്ക് കാരണമാകുന്നതുമായ മുൻകാല ബന്ധങ്ങളെല്ലാം വിച്ഛേദിക്കുക.*

അവിടുന്ന് അരുളി: *ബൈഅത്തിനോടൊപ്പം സ്വേച്ഛകളെയും പിന്തുടരുന്നവന് ഒരിക്കലും ആത്മീയാനുഗ്രഹങ്ങൾ ലഭിക്കുകയില്ല. നിങ്ങൾ എത്രത്തോളം നമ്രഭാവം അവലംബിക്കുന്നുവോ, എത്രത്തോളം വിനയവും താഴ്മയും പ്രകടിപ്പിക്കുന്നുവോ അത്രത്തോളം അല്ലാഹു നിങ്ങളിൽ സന്തുഷ്ടനാകും. മനുഷ്യൻ എന്ന ഈ ദുർബല സൃഷ്ടി തന്റെ ദുഷ്കർമ്മം കാരണമായി സ്വയം വലിയവനാണെന്ന് കരുതിത്തുടങ്ങുന്നു. ഈ ദുഷ്കർമ്മം തന്നെയാണ് അവനിൽ അഹംഭാവവും തൻപ്രമാണിത്തവും വളർത്തുന്നത്. ദൈവമാർഗ്ഗത്തിൽ സ്വയം ഏറ്റവും ചെറിയവനായി കാണുന്നത് വരെ ഒരാൾക്കും മോചനം ലഭിക്കുകയില്ല.*

വിനയം സ്വീകരിക്കാൻ ഉപദേശിച്ചുകൊണ്ട് മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം അരുളി: *നമ്മുടെ ജമാഅത്തിൽ ഇപ്പോഴും പലരും തന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ ചെറിയൊരു കാര്യം കേട്ടാൽ പോലും പ്രകോപിതരാകാറുണ്ട്. സ്വഭാവത്തിൽ സഹനശീലവും ക്ഷമയും ഉണ്ടാക്കിയെടുക്കാൻ ഇത്തരം വികാരങ്ങളെ അമർച്ച ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. നിസ്സാര കാര്യങ്ങളിൽ തർക്കം തുടങ്ങുകയും മറ്റൊരാളെ പരാജയപ്പെടുത്തി താൻ വിജയിയാകാൻ ശ്രമിക്കുകയും ചെയ്യുന്നത് നാം കാണാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ മനസ്സിന്റെ വികാരങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും കലഹം ഇല്ലാതാക്കാൻ മനഃപൂർവ്വം വിനയം അവലംബിക്കുകയും വേണം. തന്റെ സഹോദരനെ അപമാനിക്കാനോ താഴ്ത്തിക്കെട്ടാനോ ഒരിക്കലും ശ്രമിക്കരുത്.*

നമ്മുടെ ജീവിതങ്ങൾ പരിശോധിച്ചാൽ, ഇത്തരം

വ്യാജമായ ദുരഭിമാനബോധവും അഹംഭാവവും വച്ചു പുലർത്തുന്ന ധാരാളം പേരെ കാണാം; ഇതുതന്നെയാണ് തർക്കങ്ങൾ വർദ്ധിപ്പിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ സാമീപ്യം ആഗ്രഹിക്കുന്നുവെങ്കിൽ ഇതിൽ നിന്ന് മോചനം നേടിയേ തീരൂ. ചിലർ മറ്റുള്ളവർക്ക് കോട്ടം വരുത്തി വയ്ക്കാൻ തെറ്റായ പരാതി നല്കാറുണ്ട്. 'പണ്ട് എന്നോട് ഇവൻ മോശമായി പെരുമാറി, വാക്കേറ്റമുണ്ടായി, അതുകൊണ്ട് ഇപ്പോൾ അവനെ ഏതെങ്കിലും കേസ്സിലോ ശിക്ഷയിലോ കുടുക്കണം' എന്ന ചിന്താഗതി തികച്ചും തെറ്റാണ്.

അവിടുന്ന് അരുളി: *അഹങ്കാരി ദൈവസിംഹാസനത്തിൽ ഇരിക്കാൻ ആഗ്രഹിക്കുന്നവനാണ്. അതിനാൽ ഈ നീചമായ സ്വഭാവത്തിൽ നിന്ന് എപ്പോഴും ദൈവത്തോട് അഭയം തേടുക. അല്ലാഹുവിന്റെ എല്ലാ വാഗ്ദാനങ്ങളും നിങ്ങളോടൊപ്പം ഉണ്ടെങ്കിൽപ്പോലും, ആ വാഗ്ദാനങ്ങൾക്കിടയിലും വിനയം പ്രകടിപ്പിക്കുക. കാരണം വിനയമുള്ളവനെയാണ് അല്ലാഹു സ്നേഹിക്കുന്നത്.*

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് ആരോ ചോദിച്ചു: ഹുസൂർ, എല്ലാ പ്രവാചകന്മാരും ആടുകളെ മേയിച്ചിട്ടുണ്ടെന്ന് ഹദീസിൽ വരുന്നുണ്ട്. അങ്ങ് എപ്പോഴെങ്കിലും ആടുകളെ മേയിച്ചിട്ടുണ്ടോ?അവിടുന്ന് അരുളി: *അതേ! ഒരിക്കൽ ഞാൻ വയലിൽ പോയപ്പോൾ അവിടെ ഒരാൾ ആടുകളെ മേയിക്കുന്നുണ്ടായിരുന്നു. തനിക്ക് ഒരു ജോലിയുണ്ടെന്നും അല്പ നേരം തന്റെ ആടുകളെ നോക്കണമെന്നും അദ്ദേഹം എന്നോട് പറഞ്ഞു പോയ അദ്ദേഹം തിരിച്ചുവന്നത് വൈകുന്നേരമാണ്. അദ്ദേഹം വരുന്നത് വരെ എനിക്ക് ആടുകളെ മേയിക്കേണ്ടി വന്നു.*

ഹദ്റത്ത് മസീഹ് മൗഊദ് (അ) വീട്ടുജോലികൾ ചെയ്യുന്നതിൽ യാതൊരു മാനക്കേടും കരുതിയിരുന്നില്ല. കട്ടിലുകൾ സ്വന്തമായി വിരിക്കുകയും വിരിപ്പുകൾ വിരിക്കുകയും കിടക്കകൾ ഒരുക്കുകയും ചെയ്യുമായിരുന്നു. ഭക്ഷണം എങ്ങനെ പാകം ചെയ്താലും അത് അവിടുന്ന് കഴിക്കുമായിരുന്നു. ആരോടും ഒരിക്കൽപ്പോലും 'നീ' എന്ന് വിളിച്ചല്ല അവിടുന്ന് സംസാരിച്ചത്, എപ്പോഴും 'ജീ' എന്ന് ബഹുമാനസൂചകമായി ചേർത്താണ് സംസാരിച്ചിരുന്നത്. അവിടുത്തെ സ്വഭാവത്തിൽ അഹങ്കാരം എന്നൊന്ന് ഉണ്ടായിരുന്നില്ല.

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബ് ഡൽഹിയിൽ നിന്ന് പഠനം പൂർത്തിയാക്കി തിരിച്ചെത്തിയ കാലത്ത്, ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ഒരു സംവാദം നടക്കുകയുണ്ടായി. തുടക്കത്തിൽ അവിടുന്ന് മൗലവി സാഹിബിനോട് അദ്ദേഹത്തിന്റെ വിശ്വാസങ്ങളെക്കുറിച്ച് ചോദിച്ചു. മൗലവി സാഹിബ് തന്റെ വിശ്വാസങ്ങൾ വിശദീകരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു:*താങ്കളുടെ വിശ്വാസങ്ങളിൽ ആക്ഷേപകരമായി ഒന്നും ഞാൻ കാണുന്നില്ല, അതിനാൽ താങ്കളുമായി സംവാദം നടത്തേണ്ട ആവശ്യവുമില്ല.* അങ്ങയുടെ കൂടെയുണ്ടായിരുന്നവർക്ക് ഇത് വലിയ പ്രയാസമുണ്ടാക്കി; ഇങ്ങനെ മടങ്ങുന്നത് തങ്ങൾക്ക് വലിയ നാണക്കേടാകുമെന്ന് അവർ കരുതി. എന്നാൽ വ്യാജമായ അഭിമാനത്തെക്കുറിച്ച് അവിടുന്ന് ഒട്ടും ഉത്കണ്ഠപ്പെട്ടിരുന്നില്ല. അവിടുന്ന് തന്നെ അരുളിയിട്ടുണ്ട്: *മൗലവി സാഹിബിന്റെ വിശ്വാസങ്ങൾ കേട്ടപ്പോൾ അതിൽ ആക്ഷേപകരമായ ഒന്നും ഇല്ലാത്തതിനാൽ, ദൈവത്തിനുവേണ്ടി മാത്രം ആ സംവാദം ഉപേക്ഷിക്കുകയായിരുന്നു. അന്ന് രാത്രി അല്ലാഹു ഇപ്രകാരം ദിവ്യബോധനം നൽകി: നിന്റെ ഈ പ്രവൃത്തിയിൽ നിന്റെ ദൈവം പ്രീതനായിരിക്കുന്നു. അവൻ നിന്നെ വളരെയധികം അനുഗ്രഹിക്കും എത്രത്തോളമെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുന്നതായിരിക്കും.*

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബിന് അയച്ച ഒരു കത്തിലും അവിടുന്ന് തന്റെ അങ്ങേയറ്റത്തെ വിനയം പ്രകടിപ്പിച്ചിട്ടുണ്ട്. അവിടുന്ന് ഇപ്രകാരം എഴുതി: *നിരക്ഷരനും അജ്ഞനുമായ ഒരു വ്യക്തിയാണ് വിനീതൻ. പറയത്തക്ക ഇബാദത്തോ ആത്മീയ തപസ്യകളോ എന്നിലില്ല;അറിവോ യോഗ്യതയോ ഇല്ല. ചുരുക്കത്തിൽ, എന്നിൽ ഒന്നുമില്ല. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള സുദൃഢവും സുനിശ്ചിതവുമായ ഒരു കല്പന ഉണ്ടായിരുന്നു, അത് ഈ വിനീതൻ എത്തിച്ചു കൊടുത്തു എന്ന് മാത്രം. അത് വിശ്വസിക്കുന്നതും വിശ്വസിക്കാതിരിക്കുന്നതും ഓരോരുത്തരുടെയും കാഴ്ചപ്പാടിലും ബോധത്തിലും അധിഷ്ഠിതമാണ്.*

ഹദ്റത്ത് മസീഹ് മൗഊദ് (അ) താൻ ഈസാ നബിക്ക് സദൃശ്യനാണ് എന്ന് അവകാശപ്പെട്ടപ്പോൾ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി കടുത്ത എതിർപ്പ് പ്രകടിപ്പിച്ചു. അദ്ദേഹം അങ്ങേയറ്റം മര്യാദരഹിതമായ കത്തുകൾ എഴുതുകയും തന്റെ *ഇശാഅത്തുസ്സുന്ന* എന്ന മാസികയിൽ വാഗ്ദത്ത മസീഹിനെതിരെ സംസ്കാരശൂന്യമായ പദങ്ങൾ പ്രയോഗിക്കാൻ തുടങ്ങുകയും ചെയ്തു. എന്നാൽ ഇവയ്ക്കെല്ലാം മറുപടിയായി അവിടുന്ന് സഹനത്തിന്റെയും സൗമ്യതയുടെയും വിനയത്തിന്റെയും ഉദാത്തമായ മാതൃകയാണ് കാഴ്ചവെച്ചത്.

ഒരു കത്തിൽ അവിടുന്ന് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബിന് ഇപ്രകാരം എഴുതി: *ജയപരാജയങ്ങളുമായി എനിക്ക് യാതൊരു ബന്ധവുമില്ല, മറിച്ച് ദൈവദാസനായി കൊണ്ട് ദൈവകല്പനകൾ അനുസരിക്കണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. താങ്കളുടെ ഈ എതിർപ്പിൽ താങ്കളുടെ നിയ്യത്ത് നല്ലതായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും താങ്കൾ ആദ്യം എന്നോട് സംസാരിക്കുകയും എന്റെ ഗ്രന്ഥങ്ങളായ* **ഫത്ഹെ ഇസ്‌ലാം, തൗസീഹെ മറാം, ഇസാലെ ഔഹാം** *എന്നിവ പരിശോധിക്കുകയും ചെയ്ത ശേഷം എന്തെങ്കിലും എഴുതുന്നതാണ് ഉചിതമെന്ന് ഞാൻ കരുതുന്നു. താങ്കളെപ്പോലൊരു സുഹൃത്ത് എനിക്കെതിരെ രംഗത്തുവന്നതിൽ എനിക്ക് ദുഃഖമോ വിഷമമോ ഇല്ല. കാരണം ഈ അഭിപ്രായവ്യത്യാസവും സത്യത്തിനുവേണ്ടിയുള്ളതായിരിക്കുമല്ലോ.*

മറ്റൊരു കത്തിൽ അവിടുന്ന് മൗലവി സാഹിബിന് ഇപ്രകാരം എഴുതി: എന്റെ അഭിപ്രായത്തിൽ, സൽസ്വഭാവത്തിന്റെ എല്ലാ വശങ്ങളിലും വെച്ച് താഴ്മയോടും വിനയത്തോടും നമ്രഭാവത്തോടും കൂടി പെരുമാറുന്നതിനെയാണ് അല്ലാഹു ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത്. അഹങ്കാരത്തിന് വിരുദ്ധമായ ഈ ഗുണത്തെപ്പോലെ മറ്റൊരു ഗുണത്തെയും അവൻ സ്നേഹിക്കുന്നില്ല.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) അരുളി: അവിടുത്തെ (അ) ഓരോ വാക്കും പ്രവൃത്തിയും വിനയത്താൽ നിറഞ്ഞതായിരുന്നു. അല്ലാഹുവിന്റെ പ്രീതി നേടുക, അവന്റെ ഏകത്വം ലോകത്ത് പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മാത്രമാണ് അങ്ങേയ്ക്ക് ഉണ്ടായിരുന്നത്. ഇതുതന്നെയാണ് അവിടുന്ന് നമുക്ക് നൽകിയിട്ടുള്ള ഉപദേശവും. അല്ലാഹു തആല നമുക്കും ഈ കാര്യങ്ങൾ ജീവിതത്തിൽ പകർത്താൻ തൗഫീഖ് നൽകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلاَ مُضِلَّ لَہٗ وَمَنْ
یُضْلِلْہُ فَلا ھَادِیَ لَہٗ۔ وَنَشْہَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْہَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْہٰی عَنِ الْفَحْشَاءِ
وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY **HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 29.05.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516